തുടങ്ങിവച്ച സർവോദയ ഫാമിലി ഗാതറിംഗ് രജിസ്റ്റർ ചാമോർസിയിൽ അവരുടെ പ്രവർത്തനങ്ങളുടെ സാമാന്യം മനോഹര ചിത്രം തരുന്നുണ്ട്. വളരെ മനോഹരമായ കൈയക്ഷരത്തിൽ കുറിച്ച ഈ ഡയറിയിൽനിന്നും മനസ്സിലാവുന്നത് ജോസച്ചനും ഡി.എസ്.ടി സഹോദരിമാരും അപ്പസ്തോല നടപടികളിൽ വായിക്കുന്നത് പോലെ ഒരേ ഹൃദയ ഐക്യത്തിൽ ആണ് പ്രവർത്തനങ്ങൾ നടത്തിയിരുന്നത് എന്നാണ്. 44 മീറ്റിംഗുകൾ നടത്തുകയും അതിൽ വ്യക്തമായ തീരുമാനങ്ങളും പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിരൂപണങ്ങളും കൃത്യമായി നടത്തിയതും എഴുതിവച്ചിട്ടുണ്ട്. എല്ലാ മീറ്റിംഗുകളിലും ജോസ് അച്ചനും സിസ്റ്റേഴ്സും സന്നിഹിതരാവുകയും പ്രാർത്ഥന കൊണ്ടുതുടങ്ങുകയും പ്രാർത്ഥനയിൽ അവസാനിപ്പിക്കുകയും ചെയ്യുമായിരുന്നു. പദ്ധതി നടത്തിപ്പിൽ പല വിഘ്നങ്ങളും വന്നപ്പോൾ ഇവർ ഉത്തരം കണ്ടെത്തിയത് പ്രാർത്ഥനയിൽ ആയിരുന്നു. പദ്ധതി പ്രദേശങ്ങൾ വളരെ ദൂരത്തിലുള്ള ഗ്രാമങ്ങൾ ആയിരുന്നു. പാത ഇല്ലാത്ത പലയിടത്തും ദുർഘടങ്ങളായ നീണ്ട നടപ്പുകളും ആവശ്യമായിരുന്നു. കാലാവസ്ഥയുടെ കാഠിന്യവും, ജനങ്ങളുടെ സംശയങ്ങളും പലപ്പോഴും വിലങ്ങുതടിയായി തീർന്നിട്ടുണ്ട്. ഡയറികുറിപ്പ് സൂക്ഷിക്കുന്നതുപോലെ ഇതിനുള്ള നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തുന്നത് ദിവ്യകാരുണ്യ ആരാധനയിൽ കൂടിയാണ്. എത്ര ക്ഷിണിച്ചുവന്നാലും ആഴ്ചയിൽ ഒരിക്കൽ അച്ചനും സിസ്റ്റേഴ്സും ഒരുമിച്ചുള്ള ആരാധന.

പരിമിതമായ താമസസൗകര്യങ്ങൾക്കിടയിലും പത്തോളം കുട്ടികളുടെ ഹോസ്റ്റലും ആരംഭിച്ചു. അവരുടെ പഠനത്തിൽ മാത്രമല്ല വിശ്വാസപരിശീലനത്തിലും അതീവ ജാഗ്രത പുലർത്തി. കുറെ കുട്ടികളും സഹോദരന്മാരും പ്രയത്നം കൊണ്ട് ക്രിസ്തീയ കൂട്ടായ്മയിലേക്കെത്തി. ഗ്രാമവികസനത്തോടൊപ്പമല്ല ഉപരിയായി ഡി എസ് ടി സഭയുടെ പേരു പോലെ തന്നെ സെന്റ് തോമാസിന്റെ



Sr. Sophy DST, Sr. Rosin DST and Sr. Theresa DST

മക്കൾ എന്നതിന്റെ അപ്പസ്തോല ചൈതന്യമാണ് ഉയർത്തി പിടിക്കാൻ ശ്രമിച്ചത്. അതിന്റെ ഫലമാണ് ഗ്രാമവികസന പദ്ധതിയിലും ജനസംസർഗ്ഗത്തിലൂടെ കുറെ പേർക്ക് യേശുവിനെ നൽകാൻ കഴിഞ്ഞത്. ഡയറിയിൽ കുറിച്ചിരിക്കുന്നത് പോലെ ഗ്രാമവാസികളെ വിശ്വാസത്തിൽ ഒരുക്കി ഗൊമിനി, അഷ്ടി, കൊപ്രേലി എന്നീ പള്ളികളിലേക്ക് കൂദാശ സ്വീകരണത്തിനായി കൊണ്ടുപോയത്. വിശ്വാസദൃഢീകരണത്തിനായി ചമോർസി വിശ്വാസികളെ കേരളത്തിലെ പുണ്യതീർത്ഥാടന സ്ഥലങ്ങളും, ധ്യാനകേന്ദ്രങ്ങളും സന്ദർശിക്കാൻ കൊണ്ടുപോയതും. ചമോർസിയിൽനിന്നും 20 കി.മീ ദൂരത്തെ രേഹക ഗാവിൽ ദീവർ സമുദായത്തിലെ എതാനും കുടുംബങ്ങളും

ക്രിസ്തുകൂട്ടായ്മയിലേക്ക് കൊണ്ടുവരാൻ ജോസച്ചനും ഡി എസ് ടി സഹോദരിമാർക്കും കഴിഞ്ഞു. അങ്ങനെ ചമോർസിയിൽ ഒരു ക്രിസ്ത്യൻകൂട്ടായ്മ രൂപപ്പെട്ടു. ക്രിസ്മസും പാസ്ക വാരവും ക്രൈസ്തവാഘോഷത്തിന്റെ വലിയ ദിനങ്ങളായി ചമോർസി സർവോദയ കേന്ദ്രം മാറി. ചമോർസിയിലെ പ്രൊട്ടസ്റ്റന്റുകാരും സർവോദയ കത്തോലിക്കകൂട്ടായ്മയിൽ പങ്കുചേർന്നു. ചമോർസി സർവോദയ കേന്ദ്രം സാമൂഹ്യപ്രവർത്തനരംഗത്ത് നിന്നും ഹോസ്റ്റലിലേക്കും അവിടെനിന്ന് നാലാം ക്ലാസ് വരെയുള്ള ഇംഗ്ലീഷ് സ്കൂളിലേക്കും പടി പടിയായി ഉയർന്ന് ഹൈസ്കൂൾ പദവിയിലേക്കെത്തുമ്പോഴേക്കും കാർമ്മൽ അക്കാദമി ആയി രൂപം കൊണ്ടു. പ്രാചീന ചാമോർസിയുടെ കൃഷി സംസ്ക്കാരം കൈമോശം വരാതിരിക്കാൻസർവോദയ സി.എം.ഐ കേന്ദ്രവും ഡി എസ് ടി സമൂഹവും പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. ഇന്ന് സർവോദയ സാമൂഹ്യപ്രവർത്തക കേന്ദ്രത്തിൽ നിന്നും വളർന്ന കാർമ്മൽ അക്കാദമിയും സെന്റ് ചാവറ ഇടവക പള്ളിയും ചമോർസി പട്ടണത്തിന്റെ ലാന്റ് മാർക്ക് ആയി മാറിയിരിക്കുകയാണ്. ചന്ദ്രപ്പൂർ നിന്നും റോഡ് വഴി വരുമ്പോൾ മനോഹരമായ വൈൻ ഗംഗ നദിയും അതിനെ മുറിക്കുന്ന നീണ്ട പാലവും കടന്നു ചമോർസി പട്ടണത്തിനു മൂന്നു കി.മീ. ദൂരെ റോഡിനു ഇരു വശത്തായി തല എടുപ്പോടെ നിൽക്കുന്ന ഡി എസ് ടി മഠവും കാർമ്മൽ അക്കാദമിയും, വിശുദ്ധ ചാവറ പള്ളിയും ആണ് നിങ്ങളെ ചമോർസിയിലെക്ക് സ്വാഗതം ചെയ്യുന്നത്. ഈ മഹാസംരംഭത്തിന് പിന്നിലുള്ള വിയർപ്പും ചോരയും അഞ്ചു സി എം ഐ വൈദികരുടെയും ഒപ്പം തന്നെ ഇരുപത്തിയൊൻപത് ഡി എസ് ടി സിസ്റ്റേഴ്സിന്റെയും കൂടി ആണ്. പത്തൊൻപത് വർഷക്കാലം നീണ്ട അവരുടെ സേവനത്തിന്റെ സുഗന്ധം ചമോർസിയുടെ മണ്ണിലും മരത്തിലും മാത്രമല്ല ഇവരുമായി തൊട്ടുപോയ ആയിരമായിരം മനുഷ്യമനസ്സിലും വീശി കൊണ്ടേയിരിക്കും. നേഴ്സറി

മുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വിദ്യയായും വിശ്വാസികൾക്ക് സ്നാനം മുതൽ സംസ്ക്കാരം വരെ കൂദാശകളുടെ പരിചാരകരായും അവർ ദിവ്യവചനത്തിന്റെ സാക്ഷികളായി. സർവോദയ ബാലഭവനിലെ കുരുന്നുകൾക്ക് അവർ അമ്മയായും, ആശ്രയമായും, ആശ്വാസമായും അവർ തങ്ങളെ തന്നെ കലവറ കൂടാതെ നൽകി. പത്തൊൻപത് വർഷക്കാലം നീണ്ട അവരുടെ ചമോർസിയിലെ സേവനം രണ്ടായിരത്തി പതിനെട്ട് മെയ് രണ്ടാം ആഴ്ചയിൽ അവസാനിക്കുമ്പോൾ അംഗങ്ങളുടെ എണ്ണക്കുറവാണ് കാരണം എന്ന ഔദ്യോഗിക ഭാഷ്യം അംഗീകരിക്കുവാൻ മനസ്സ് വെമ്പുമ്പോഴും കാരണം അത് തന്നെയോ എന്ന ചോദ്യം ഉയർന്ന് വരുന്നു.. ചോദ്യം ന്യായം അല്ലെ? എവിടെ ആണോ നമ്മുടെ വെൽകമിങ്ങും വൈബ്രന്റും ആയ കമ്മ്യൂണിറ്റി? സി എം ഐ സഭയുടെ ആദ്യ മിഷനായ ചാന്ദയും അതിന്റെ പ്രഥമ മിഷനറി മെത്രാനുമായിരുന്ന ജാനുവരിയുസ് പിതാവ് മിഷന്റെ തുടക്കത്തിലെ അച്ചന്മാരോട് പറഞ്ഞിരുന്നത് ഈ അവസരത്തിൽ ഓർക്കുന്നത് നന്നായിരിക്കും "സിസ്റ്റേഴ്സിനെ നമ്മൾ ക്ഷണിച്ചുകൊണ്ടുവരുന്നവരാണ്. അവരോട് നമ്മൾ ഹൃദ്യമായും വിശാലമായും പെരുമാറണം. നമ്മെക്കാൾ കൂടുതൽ ജീവിതസൗകര്യങ്ങളും നൽകണം. അവർക്കേ ഗ്രാമങ്ങളുടെയും കുടുംബങ്ങളുടെയും അന്തർതലങ്ങളിൽ പ്രവർത്തിക്കാൻ കഴിയൂ." ദീർഘകാലം ബിജനോർ ബിഷപ്പ് ആയിരുന്ന ഗ്രേഷ്യൻ പിതാവ് അനുഭവത്തിൽ നിന്നും പറഞ്ഞിരുന്നത് "യേശുവിന്റെ മുഖവും കരസ്പർശനങ്ങളുമായി ഗ്രാമവാസികൾ ആദ്യമേ മനസ്സിലാക്കുന്നത് നമ്മുടെ സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം മൂലമാണ്" നമ്മുടെ എല്ലാ സ്ഥാപനങ്ങളിലും നമ്മൾ പ്രത്യേകം വിളിച്ചു കൊണ്ടുവരുന്ന സന്ന്യാസ സമൂഹത്തിനാവശ്യമായ താമസസൗകര്യങ്ങളും സുരക്ഷയും ഒരുക്കികൊടുക്കേണ്ടത് നാം ഉയർത്തിപറയുന്ന വെൽകമിങ്ങ് സമൂഹത്തിന്റെ ഭാഗം തന്നെയല്ലെ? ഈ സിസ്റ്റേഴ്സിനോടുള്ള

നമ്മുടെ വ്യക്തിപരമായ പെരുമാറ്റം സ്നേഹപൂർവ്വവും സഹോദര പൂർവ്വവും ആയിരിക്കേണ്ടതല്ലേ? ഇവയോക്കെയല്ലേ മിഷനറി സമൂഹത്തെ വൈബ്രന്റ് ആക്കിത്തീർക്കുന്നത്..! ഒരു മിഷൻ പ്രദേശത്തു നിന്നും ഒരു റിലീജിയസ് സമൂഹം വിട്ടുപോകുന്നത് ദൗർഭാഗ്യകരവും ശാപവും ആയിട്ടാണ് അവിടത്തെ വിശ്വാസി സമൂഹം മനസ്സിലാക്കുന്നത് എന്നുള്ള സത്യം നാം സൗകര്യപൂർവ്വം മറക്കുന്നു. അധികാരത്തെയോ സമൂഹത്തെയോ കുറ്റപ്പെടുത്താൻ വേണ്ടിയല്ല ഞാൻ ഉൾപ്പെടുന്ന നമ്മുടെ സമൂഹ വിചിന്തിനത്തിനും വിചാരണത്തിനും വേണ്ടിയുള്ള ഓർമ്മപ്പെടുത്തൽ അത്ര മാത്രം! നീണ്ട വർഷങ്ങളിലെ ഡി എസ് ടി സന്ന്യാസസമൂഹത്തിന്റെ സുന്ദരവ്യക്തിത്വങ്ങൾ ദേശമഹിമയില്ലാതെ ഈ കൊച്ചുഗ്രാമത്തിൽ കൊളുത്തിയ ദീപശിഖ ഇവരുടെ തിരോധാനത്തിലും ചമോർസിയുടെ അതിർത്തിക്കപ്പുറവും കത്തിജ്വലിച്ച് വെളിച്ചം പരത്തിക്കൊണ്ടേയിരിക്കും.

*ഫാ. ജെയ്സൻ ജേക്കബ്ബ് കല്ലൂക്കാരൻ സി എം ഐ*
*ഡയറക്ടർ, സി എം ഐ ഭവൻ ചമോർസി*

## അനുസ്മൃതി - 46

വി. ചാവറപിതാവിന് ചാവറ എന്ന വീട്ടുപേര് എങ്ങിനെ ഉണ്ടായി എന്ന് അദ്ദേഹത്തിന്റെ പൂർവികരിൽ നിന്നും കൈമാറി വന്ന അറിവ് ഇപ്പോഴുള്ള തലമുറയിലെ ചാവറക്കുടുംബത്തിലെ അംഗങ്ങളിൽ നിന്ന് രേഖപ്പെടുത്തിവാങ്ങിയ കടലാസ് രേഖയാണ് ഇപ്രാവശ്യത്തെ അനുസ്മൃതിയിൽ ഫാ. തോമസ് പന്തപ്ലാക്കൽ അവതരിപ്പിക്കുന്നത്.

എഡിറ്റർ

## *ചാവറ എന്ന വീട്ടുപേരിന്റെ ഉറവിടം*

*ബഹുമാനപ്പെട്ട മത്യാസ് മുണ്ടാടനച്ചനോടും ലൂക്കസ് വിത്തുവട്ടിക്കലച്ചനോടും ഒപ്പം ചാവറപ്പിതാവിന്റെ സമ്പൂർണജീവചരിത്രം ആധികാരികമായി തയ്യാറാക്കുന്നതിനു ടീമായി പ്രവർത്തിക്കുന്നതിനുവേണ്ടി 2003ൽ അന്നത്തെ ജനറാളച്ചൻ എന്നെ കൂരിയായിലേക്ക് നിയോഗിച്ചു. ചാവറപിതാവിനെക്കുറിച്ചുള്ള ഗവേഷണപഠനങ്ങളുടെ ഭാഗമായി 2004ൽ ഞാൻ കൈനകരിയിൽ പോയി അന്ന് അവിടങ്ങളിൽ താമസിച്ചിരുന്ന എല്ലാ ചാവറകുടുംബങ്ങളിലും തന്നെ കയറിയിറങ്ങി ചാവറപിതാവിനോടു ബന്ധപ്പെടുത്തിയുള്ള അറിവുകൾ ശേഖരിച്ചു. അവിടങ്ങളിൽ ഉണ്ടായിരുന്നതിലെ പ്രായം കൂടിയ ചാവറകുടുംബാംഗങ്ങളായിരുന്നു കുംഭംവേലിയിൽ ചാക്കോസാറും ത്രേസ്യാമ്മയും. ഇവരുമായി നീണ്ട സമയം ചരിത്രപരമായ പലതും ചോദിച്ചറിഞ്ഞ കാര്യങ്ങൾ വാമൊഴിയായി കാറ്റിൽ പറന്നു പോകാതിരിക്കുന്നതിനായി പ്രധാന കാര്യങ്ങൾ എഴുതിത്തരുവാനായി ആവശ്യപ്പെട്ടു. എഴുതിക്കഴിയുമ്പോൾ താമസിയാതെ വന്നുവാങ്ങിക്കൊള്ളാം എന്നു പറഞ്ഞ് അന്നു ഞാൻ യാത്രയായി. ഏതാനും ആഴ്ചൾ കഴിഞ്ഞ് വീണ്ടും ഞാൻ ആ വീട്ടിൽ ചെന്നു. എഴുതികിട്ടിയത് അവരുടെ ഒപ്പോടും തീയതിയും കുറിപ്പിച്ചു വാങ്ങിച്ചു. പൂർവികരായ ചാവറകുടുംബാംഗങ്ങളിൽ നിന്നും കൈമാറി ക്കിട്ടിയ വാമൊ*

*ഴിയായ ഈ അറിവ് വീണ്ടും കടലാസ്സിൽ നിന്നും പകർത്തി അച്ചടി രൂപത്തിൽ ശാശ്വതികരിക്കുന്നതിനു വേണ്ടി കർമ്മലസന്ദേശത്തിൽ ചേർക്കുന്നു.*

*ചാവറ എന്ന വീട്ടുപേരു ചാവറപിതാവിന്റെ കുടുംബപ്പേരായി മാറിയത് എങ്ങനെ എന്നുള്ള കൃത്യമായ അറിവിനുള്ള ഉറവിടമായി ഈ രേഖ മാറുന്നു എന്നുള്ളത് വലിയൊരു തിരിച്ചറിവായി മാറുകയാണ്. കൈനകരിയിലെ ചാവറഭവന്റെ പടിഞ്ഞാറുവശത്ത് ചാവറ എന്ന വീട്ടുപേരിലുള്ള ഹൈന്ദവകുടുംബം ഇന്നും ഉണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നതും.*

*ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.*

## ചാവറ എന്ന വീട്ടുപേരിന്റെ ഉറവിടം

300 വർഷം മുൻപ് കൈനകരി വെറും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു പ്രദേശം ആയിരുന്നു. എന്നാൽ ആറ്റിന്റെ പുറവേലികളിൽ പൊങ്ങികണ്ട സ്ഥലങ്ങളിൽ മനുഷ്യർ വാസം തുടങ്ങി. അന്നു കുട്ടനാടു മുഴുവൻ ചെമ്പകശ്ശേരി രാജാവിന്റെ സ്വാധീനത്തിൽ ആയിരുന്നു. രാജാവിന്റെ കുടുംബത്തോട് അനുബന്ധമുള്ള ചില വീട്ടുകാരാണ് കൈനകരിയിൽ അന്ന് താമസിച്ചിരുന്നത് അവരുടെ വീടുകളെ മഠങ്ങൾ എന്നു വിളിച്ചിരുന്നു. ആ വീട്ടിൽ താമസിച്ചിരുന്നവർ ബ്രാഹ്മണരോ ക്ഷത്രിയരോ ആയിരുന്നിരിക്കണം. കുറച്ചു നായന്മാരും അന്ന് കൈനകരിയിൽ താമസിച്ചിരുന്നു. ഇവർക്ക് ആശ്രിതരായിട്ടു കുറച്ച് ഈഴവരും പുലയരും ഉണ്ടായിരുന്നു. കാലക്രമേണ ഇവിടെ തെങ്ങും നെല്ലും ഉണ്ടായി. അവ അവർ ശേഖരിച്ചു ജീവിതം തുടങ്ങി. അവരുടെ സ്ത്രീകൾ ഋതുമതികളാകുമ്പോൾ കുളിക്കാൻ അവർ ഈ ഈഴവരെയും പുലയരെയും ഉപയോഗിച്ച് ഒരു കുളം തീർത്തു. ആ കുളം ഇന്ന് പള്ളിയ്ക്കൽ എന്നറിയപ്പെടുന്ന സ്ഥലത്താണ്. അതായത് ഈ മഠങ്ങളിൽ ഒന്നായ കണ്ണാട്ടു മഠത്തിനും കിഴക്കുവശത്ത് കണ്ടത്തിൽ ആണ്. ഇവിടെ വന്ന് പെണ്ണുങ്ങൾ കുളിച്ചിരുന്നു. അങ്ങനെ ഇരിയ്ക്കേ ഇവർക്ക് നെല്ലും തേങ്ങയും ഏറെ ഉണ്ടായി. തേങ്ങ അവർ ഉണക്കി. അത് തത്തംപള്ളിയിൽ കൊണ്ടുചെന്ന് ആട്ടിച്ചു. അവിടെ ക്രിസ്ത്യാനികളാണ് ആട്ടി കൊടുക്കുന്നത്. ഈഴവരും പുലയരുമൊക്കെ തൊട്ട തേങ്ങ ക്രിസ്ത്യാനികളുടെ ചക്കിൽ ആട്ടുമ്പോൾ ശുദ്ധമായി എന്നവർ വിശ്വസിച്ചു. തീണ്ടലും തൊടീലും ഉള്ള കാലമാണ്. ഇത് ഇവിടെ നിൽക്കട്ടെ.

ടിപ്പുവിന്റെ പടയോട്ടകാലം പാലിയൂർ ഗ്രാമത്തിൽ ടിപ്പുവിന്റെ ആക്രമണത്തിൽ നിന്നും പലായനം ചെയ്ത ഒരു കുടുംബം കുറവിലങ്ങാട്ടു വന്നു താമസിച്ചു. അവരേ പകലോമറ്റം എന്നറിയപ്പെടുന്നു. അവരിൽനിന്നും ബലവാനായ ഒരുത്തനെ ഒരു 'ഗുണ്ടയെ' ഈ മഠക്കാർ കൊണ്ടുവന്നു. ഇപ്പോഴത്തെ കന്യാസ്ത്രീമഠത്തിന്റെ തെക്കുവശത്തു കണ്ടത്തിൽ ഉള്ള ഒരു സ്ഥലത്തു കൊണ്ടുവന്നു താമസിപ്പിച്ച് ആ വീടിന് 'മുക്കാട്ട്' എന്ന് വിളിയ്ക്കുന്നു. അവർ വന്ന് മഠത്തിലെ എണ്ണ തൊട്ടുകൊടുക്കലും ആശ്രിതരായിട്ടു കഴിയുകയും

ചെയ്തു. ആ കുടുംബം വളർന്നു വലുതായപ്പോൾ ഒരു മകൻ മീനപ്പള്ളിയും ഒരു മകൻ ചാവറയും വന്നു താമസിച്ചു. ഈ ചാവറയെ പണ്ടു കിഴക്കേചാവറ എന്നാണ് വിളിച്ചിരുന്നത്. കാരണം മഠക്കാരുടെ ആശ്രിതനായിട്ടു കഴിഞ്ഞിരുന്ന ഒരു ഈഴവൻ കണ്ടത്തിൽ ഒരു ചെറിയ പറമ്പിൽ താമസിച്ചിരുന്നു. അതിനു ചാവറ എന്നായിരുന്നു പേര്. ആ ചാവറയുടെ കിഴക്കു വശത്തു വന്നു താമസിച്ചതിനാൽ ഇതിനെ കിഴക്കേ ചാവറ എന്നു വിളിച്ചു. ഇവിടെയാണ് വാഴ്ത്തപ്പെട്ട ചാവറ അച്ചൻ ജനിച്ചത്.

ചാവറ അച്ചന്റെ അപ്പന്റെ പേര് കുറിയാക്കോസ് അമ്മ മറിയം. അമ്മവീടു തോട്ടയ്ക്കാട്ട് ചോതിരകുന്നേൽ. അച്ചൻ ഏറ്റവും ഇളയ സന്താനമായിട്ടാണ് ജനിച്ചത്. മൂത്ത സഹോദരൻ പിന്നെ നാലു സഹോദരികൾ പിന്നെ അച്ചൻ. ഇങ്ങനെ അച്ചന് ഏകദേശം പതിമൂന്നു വയസ്സ് ഉള്ളപ്പോൾ സെമിനാരിയിൽ ചേർന്നു. വലിയ താമസമില്ലാതെ മാതാപിതാക്കൾ മരിച്ചു. മാതാപിതാക്കൾക്ക് 45 ഉം 40ഉം വയസ്സേ ആയിട്ടുള്ളൂ എന്ന് കരുതുന്നു. ഈ മുക്കാട്ടുനിന്നും ഒരു സന്താനം കാളാശ്ശേരിയിൽ പോയി താമസിച്ചു. അവിടെ നിന്നും ഒരാൾ കളിപറമ്പിൽ പോയി താമസിച്ചു. കളിപറമ്പിൽ പോയ ആൾക്ക് മക്കൾ ഇല്ലാതിരുന്നതിനാൽ വീണ്ടും ഒരാൾ കളിപറമ്പിൽ പോയി താമസിച്ചു. അവരുടെ സന്താനപരമ്പര ആണ് ഇന്നത്തെ കോയിത്തറ, പാലമിറ്റം, കളപ്പുരയ്ക്കൽ, വെട്ടം, വെള്ളൂർ, തൈപറമ്പ്, കണ്ണാട്ടുമഠം ആദിയായവ. കാളാശ്ശേരിൽ നിന്നും ഒരാൾ കട്ടത്തറ വന്നു താമസിച്ചു. അവരുടെ സന്താനങ്ങൾ തുണ്ടി, കൊച്ചുകളാശ്ശേരി ആദിയായവ. ഈ തുണ്ടിയിൽ പെട്ടതാണ് മോൺ ഫ്രാൻസിസ്സ് കാളാശ്ശേരി. ദിവംഗതനായ ജെയിംസ് കാളാശ്ശേരി കാളാശ്ശേരിയിലേതും. ജെയിംസ് കാളാശ്ശേരിയുടെ അമ്മ ചാവറ തൊമ്മിച്ചന്റെ മകളാണ്. ഇനി വീണ്ടും ചാവറയിലേയ്ക്കു പോകാം.

ഈ കിഴക്കേ ചാവറ എന്നു വിളിച്ചിരുന്ന ചാവറ അച്ചന്റെ വീട്ടിൽ സന്താനങ്ങൾ ആറ് എന്നു പറഞ്ഞല്ലോ. പെങ്ങന്മാരെ എല്ലാംകുട്ടനാട്ടിൽ തന്നെ കെട്ടിച്ചു. അച്ചൻ പള്ളിപുറത്തേയ്ക്ക് പോയി. മാതാപിതാക്കൾ മരിച്ചു. ജ്യേഷ്ഠൻ മരിച്ചു. അന്നുള്ള വേണ്ടപ്പെട്ടവർ ഉപദേശിച്ചു അച്ചൻ വിവാഹിതനാകാൻ. പക്ഷെ ദൈവഹിതം പോലെ തന്നെ അച്ചൻ ആശ്രമജീവിതം തുടർന്നു. എങ്കിലും

വീടും സന്താനപരമ്പരകളും ഇല്ലല്ലോ എന്നുള്ള ദുഃഖം അദ്ദേഹത്തിന് ഉണ്ടായിരുന്നിരിക്കണം. ഈ മരിച്ച ജ്യേഷ്ഠന് ഒരു മകൾ മാത്രം. തീരെ ചെറിയ കുട്ടി. അതിനാൽ അതിനെ വളർത്താനും കുടുംബ കാര്യങ്ങൾ നോക്കാനും മറ്റുമായി ചമ്പക്കുളത്തുനിന്നും ഒരു പെങ്ങ ളെയും അളിയനെയും ചാവറ കൊണ്ടുവന്നു താമസിപ്പിച്ചു. അങ്ങനെ ഇരിയ്ക്കെ മകൾ വളർന്നു. അവളെ ചമ്പക്കുളത്ത് തോട്ടാമറ്റത്തിൽ നിന്നും ഒരു അന്തോനി വന്ന് കെട്ടി നിന്നു. അവരുടെ സന്താനങ്ങൾ ആണ് ഇന്ന് കാണുന്ന ചാവറ അംഗങ്ങൾ.

ഈ അന്തോനി എന്നു വിളിയ്ക്കുന്ന പൂർവ്വികന് സന്താന ങ്ങൾ ആറ്. അഞ്ച് ആണും ഒരു പെണ്ണും. പെണ്ണിനെ കുമ്പളത്തിനു കെട്ടിച്ചു. അവർക്കും ഒരു മകൾ. ഈ പെങ്ങൾ ഒരു മാനസ്സികരോഗി ആയിരുന്നു എന്നും മരിച്ചു പോയി എന്നും കേൾക്കുന്നു. ആണു ങ്ങളിൽ രണ്ട് അച്ചന്മാർ കുഞ്ചെറിയച്ചനും അവുസേപ്പച്ചനും ബാക്കി മൂന്ന് ആൺസന്താനങ്ങൾ വിവാഹിതരായി. മൂത്ത മകൻ തൊമ്മി ചങ്ങനാശ്ശേരി ചക്കാലയിൽ നിന്നും വിവാഹിതനായി. ഇന്നത്തെ കിഴക്കേ ചാവറ എന്നു വിളിയ്ക്കുന്ന സ്ഥലത്തേയ്ക്ക് താമസം മാറ്റു കയും പഴയ കിഴക്കേ ചാവറ പടിഞ്ഞാറെ ചാവറയായിതീരുകയും ചെയ്തു. തൊമ്മിച്ചന്റെ ഒരു സഹോദരൻ കുംഭംവേലിയിൽ വലിയ ചാക്കോ കുംഭംവേലിയിലും ഇളയ ആൾ ഇക്കേച്ചൽ പടിഞ്ഞാറെ ചാവറയും താമസിച്ചു. ഈ തൊമ്മിച്ചന് ആൺ സന്താനങ്ങൾ നാല് പെൺ സന്താനങ്ങൾ നാല്. ഇതിൽ ഒരാൾ കുടമാളൂർ പോയി താമ സിച്ചു. അദ്ദേഹത്തിന്റെ പേര് അവുസേപ്പച്ചൻ. അദ്ദേഹത്തിന്റെ സന്ത തിപരമ്പരകളാണ് ഇപ്പോൾ കുടമാളൂർ ചാവറയിൽ ഉള്ളത്. ചാവറ ഫിലിപ്പച്ചൻ തുടങ്ങി എല്ലാവരും. രണ്ടാമൻ മുക്കാട്ട് നിന്നും വിവാഹി തനായി. തോമസ് ചാണ്ടി മുക്കാടന്റെ മൂത്ത സഹോദരി അന്നമ്മ യെ. അവർക്ക് മൂന്ന് പെൺമക്കൾ മാത്രം. മൂന്നാമൻ മാമ്പ്രായിൽ തൊമ്മിച്ചന്റെ മകൾ തെയ്യാമ്മയെ കല്ല്യാണം കഴിച്ചു. അതിൽ സന്താ നങ്ങൾ മൂന്ന്. രണ്ടാണും ഒരു പെണ്ണും. നാലാമൻ തോമസ് ചാവറ പെൺസന്താനങ്ങളിൽ മൂത്തയാളെ ആലപ്പുഴ കൊച്ചുപുരയ്ക്കൽ കെട്ടിച്ചു. സന്താനം ഒരു പെണ്ണു മാത്രം രണ്ടാമത്തെ പെൺസന്താ നത്തെ കാളാശ്ശേരിയിൽ കൊച്ചു ചാക്കോച്ചൻ കെട്ടി സന്താനങ്ങൾ

അഞ്ച്. ജെയിംസ് കാളാശ്ശേരി, തൊമ്മിച്ചൻ, വർക്കിച്ചൻ, പെണ്ണുങ്ങൾ നാല്പതാംകളം....

ഇനി കുംഭംവേലിയിൽ വലിയചാക്കോ ഒരു മകൻ മാത്രം കൊച്ചാക്കോ, മകൻ കുഞ്ചരിയാ മകൻ ചാക്കോ, അങ്ങിനെ പോകുന്നു സന്തതി പരമ്പര. ഇനി പടിഞ്ഞാറ ചാവറ ഇക്കോച്ചൻ സന്താനങ്ങൾ എട്ട് മൂന്ന് ആണും അഞ്ചു പെണ്ണും മൂത്തയാൾ ചാക്കോ നിലംകുത്തി പൊക്കി അവിടെ താമസിച്ചു. രണ്ടാമൻ അവുസേപ്പു തറവാട്ടിൽ താമസിച്ചു. മൂന്നാമൻ അന്തോനിച്ചൻ (ജൂനിയർ കുറിയാക്കോസ് ഏലിയാസ്) സഹോദരികളെ എവിടെയൊക്കെയോ കല്ല്യാണം കഴിച്ചു. ഇതിൽ നിന്നും പിരിവുകൾ ഇനിയും വളരെ എഴുതാനുണ്ട്.

കരികൾ: കൈനകരി, ചേന്നംങ്കരി, കുന്നംങ്കരി, മാമ്പഴക്കരി, മിത്രക്കരി, പുതുക്കരി, തായങ്കരി, കണ്ടങ്കരി, രാമങ്കരി, ചങ്ങംങ്കരി

പന്തപ്ലാക്കൽ തോമസച്ചൻ ആവശ്യപ്പെട്ടതിൻപ്രകാരം എന്റെ ഭർത്താവ് ചാക്കോയിൽ നിന്നും ചാക്കോയുടെ അമ്മയിൽ നിന്നും കിട്ടിയ അറിവുകൾ ഭർത്താവിന്റെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത കാര്യങ്ങൾ ആണ് ഇതിൽ ഞാൻ രേഖപ്പെടുത്തിയിരിക്കുന്നവ.

ത്രേസ്യാമ്മ ചാക്കോ
5-3-2004

# Golden Records - 42

## ഉത്തരീയ ഭക്തി പ്രചരിപ്പിക്കുവാൻ അനുവാദം

മാന്നാനം ആർക്കയ്വ്സിൽ സൂക്ഷിച്ചിരിക്കുന്ന ഒരു രേഖയാണിത്. പോരൂക്കര തോമാമല്പാന് ഉത്തരീയഭക്തി പ്രചരിപ്പിക്കുവാനായി 1840ൽ അന്നത്തെ വികാരി ജനറൽ നിക്കളാവൂസ് മൂപ്പച്ചൻ നൽകിയ അനുവാദപത്രമാണിത്. എല്ലാവരുടെയും അറിവിലേക്കായി തോമസ് പന്തപ്ലാക്കലച്ചൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു.

എഡിറ്റർ



*മാന്നാനം ആർക്കയ്‌വ്സിൽ സൂക്ഷിച്ചിരിക്കുന്ന ഈ കയ്യെഴുത്തു രേഖയിൽ നിന്ന് ഉത്തരീയഭക്തി പ്രചരിപ്പിക്കുവാൻ നമ്മുടെ ആദ്യപിതാക്കന്മാർ സഭയുടെ തുടക്കം മുതൽ ശ്രമിച്ചിരുന്നു എന്നതിനൊരു തെളിവാണ്. ഉത്തരീയസഭയിലേക്കുള്ള അംഗത്വം ആശ്രമങ്ങളിലൂടെയാണ് കൊടുക്കേണ്ടത് എന്ന നിർദ്ദേശവും ഈ അനുവാദക്കടലാസിൽ കാണുന്നു. 1840ൽ മിഷനറിമാരുടെ വികാരിജനറലായിരുന്ന നിക്കളാവൂസ് മൂപ്പൻ പാതിരിയാണ് ഈ അനുവാദം നൽകിയത്.*

*ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.*

**ഉത്തരീയ സഭയിലേക്ക് അംഗങ്ങളെ ചേർക്കുവാൻ പോരുക്കര തോമ മല്പാന് 1840ൽ നൽകിയ അനുവാദപത്രം**

(നവീന ഭാഷയിൽ)

ഈശോ മറിയം യൗസേപ്പെ

കർമ്മലീത്ത ദർശനത്തിൽ നിക്കോളാസ്, വികാരി ജനറൽ മുപ്പൻ പാദ്രി എഴുതിയത്

മിശിഹ കർത്താവിന് സ്തുതി

കർമ്മല എന്ന ദൈവമാതാവായ മറിയത്തിന് സ്തുതിയും ബഹുമാനവും ഭക്തിയും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും വിശ്വാസികളിൽ സൽഗുണങ്ങളെ വളർത്തുന്നതിനും ഉത്തരിയ ഭക്തി പ്രചരിപ്പിക്കുവാൻ അനുവാദത്തിന് താൻ അപേക്ഷിച്ചിരിക്കയാണല്ലൊ. തന്റെ വിവേകവും ഗുണങ്ങളും ദൈവമാതാവായ മറിയത്തിന്റെ നേരെയുണ്ടായ ഭക്തിയും നാം മനസ്സിലാക്കി പ്രസാദിച്ചിരിക്കയാൽ ഉത്തരിയ സഭയിൽ ചേരുവാൻ ആഗ്രഹിച്ചു വരുന്നവരെ നമ്മുടെ ദർശനത്തിൽ ചേർക്കുവാനും അതുവഴി ദൈവം തിരുമനസ്സാകുന്ന ഫലങ്ങൾ അവർക്കു ലഭിക്കുവാൻ ഇടവരത്തക്കവണ്ണം മരണസമയത്ത് ഇതുവഴി ലഭിക്കാവുന്ന ദോഷപൊറുതി അവർക്കു നൽകുവാനും ഇതിനാലെ പോരുക്കര തോമ്മാ കത്തനാരെ അനുവദിക്കുകയും ചുമത

ലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇങ്ങനെ നമ്മുടെ ആശ്രമത്തോടു ചേർത്ത് നടത്തുകയും ആശ്രമമില്ലാത്ത സ്ഥലങ്ങളിൽ ദർശനത്തിൽ ചേർത്ത അംഗങ്ങളുടെ പേരുവിവരം ദർശന നിയമപുസ്തകത്തിൽ ചേർത്ത് ഏറ്റവും അടുത്തുള്ള ആശ്രമത്തിൽ പേരുചേർക്കുവാൻ കൊടുത്തയക്കുകയും വേണം. അതുപോലെ ഇതിനുവേണ്ടി ചെയ്യുന്ന യാതൊരു പ്രവർത്തിക്കും പ്രതിഫലമൊ സമ്മാനമൊ വാങ്ങുവാൻ പാടില്ല എന്നും താൻ അറിഞ്ഞിരിക്കണം.

ഈശോമിശിഹ പിറന്നിട്ട് 1840-ാം കാലം കർക്കടകം (ജൂലായ്)
മാസം 19
ഫാദർ ജീസസ്സിന്റെ നിക്കോളാസ് ഒ.സി.ഡി.




**CVB NEWS PUNE**

## NEW ACADEMIC YEAR 2018-19

### 1. FAREWELL TO DEACONS

As a community, Cvb bid farewell to our beloved deacons. We had solemn holy mass in the evening and farewell programme in the evening, started with a prayer at Christ College. The deacons thanked the entire community. Special programmes were arranged by second year brothers and it ended with a dinner.



**2. FRESHERS DAY**

This year **CVB** is blessed with five new comers from Kottayam,Trivandram,Chanda,Thrrissur and Bhvanagar respectively. The fresher's day started with solemn holy mass by Fr. Rector. Fresher's day programmes were held in the evening with a cultural programme./ it was an opportunity for the new comers to show case their talents and get to know their senior brothers.



**3. FEAST OF MOUT CARMEL**: As a part of feast celebration of Our Lady of Mount Carmel, we had solemn Eucharistic celebration in the morning and the renewal Of Our Vows. On this occasion different communities around the campus also showed their love and fellowship by coming over and offering their togetherness and companionship.

**4. RENEWAL PROGRAMME**; CVB renewal programme of 2018 started under the guidance of Rev. Fr. Vicar General, began

with a meditation followed by holy mass. The first session led by Fr. Rector on CMI spirituality relevant for our times and mission.



The second session was led by Fr.Shaji Kochuthara on CMI response to the challenges of youth, children and families. Afternoon session led by Fr. Vicar General on CMI response to the cry of the poor and faith today based on the teaching of St. Kuriakose Elias Chavara and Pope Francis. At 4 pm group



discussion was held. In the evening adoration and confession were arranged.

The next day session started with Fr.George Kulagara on the topic CMI caring community today. Afternoon session were engaged by two outsiders to share their perspectives on CMI namely Fr. Thomas karimudakkal S.J. and Saji Cherian. This was followed by group discussion and family gathering.

**5. CANNONICAL VISIT OF FR. PRIOR GENERAL**

On 12 and 13 Fr. Prior General had his cannonical visitation in CVB Pune. On 12th morning with inaugural address to the community started the official meeting of the community.



# DHARMARAM NEWS

## APRIL 2018

**Village Exposure Programme for the First Year Philosophers**

This year the first year philosophers had their village exposure programme at Palakayam Parish near Palakkad. The programme was arranged by Rev. Fr. Biju Mapranathukaran CMI, the Councillor for the Social Apostolate, Coimbatore Province and Rev. Fr. Raju Pulikkathazhe, the Vicar of the Parish. The scholastics partially built two new houses, took summer vacation camp, English Coaching classes for the Catechism students and made the family visits in the parish. Rev. Fr. George Edayadiyil, the Rector and Rev. Fr. Jobi Thurackal, Section Master visited and appreciated the work of the scholastics. The parishioners offered whole-hearted support for the mission. The whole programme was a successful one. Special thanks to CMI Fathers at Coimbatore and Palakkad for their hospitality.

**Final Profession 2018-2019**

The first year theologians had a fruitful final profession after a year-long preparation. There were three sessions as part of the immediate preparation this year which began at the CMI

Generalate from 22$^{nd}$ April to 28$^{th}$ April. The second session of the preparation was at Sehion Retreat Centre, Attappadi from 29$^{th}$ April to 4$^{th}$ May. The immediate preparation for the final profession was held at CSR Renewal Centre, Pariyaram under the guidance of Rev. Fr. Shaji OFM Cap. which lasted for about two weeks. Later the scholastics were sent to their respective provinces on 26$^{th}$ May, 2018. It was a great time of preparation, introspection and decision making. It was well planned by the master of first year theologians, Fr Thomas Kattampally CMI.

**Mission Exposure for the Scholastics of Second Year Theology**

The scholastics of Second Year Theology had their mission exposure programme in the mission areas and in social service centres of their own provinces.

**MAY 2018**

**Arrival of Scholastics**

The first year philosophers arrived at Dharmaram on 30$^{th}$ April. They had their pre-philosophy programme from 1$^{st}$ May to 18$^{th}$ May while the second year philosophers had advanced English coaching classes. The new scholastics joining for the college

studies and the first year theologians reached Dharmaram on 19th May and 23rd May respectively.

**Annual Retreat**

The annual retreat of this academic year was conducted from 25th May to 30th May. The retreat was guided by His Excellency Bishop Thomas Tharayil, the Auxiliary Bishop of Changanassery. It was simple, open, reflective and experiential. The daily Eucharistic Adoration made the retreat personal and experiential. The insights during the retreat gave a new spiritual momentum for the community.

**Renewal Programme for Scholastics**

Before the commencement of the new academic year, a three days' renewal programme was organized from 31st May to 2nd June for the scholastics. Many great personalities from our congregation as well as from outside made the programme very enriching. The topics were very much related with the relevance of religious in the present world. We discussed the topics like 'Master's Call: To Break the Silence', 'Perspectives on CMI Religious on Witness and Mission', 'Renewal in CMI Congregation', 'The Role of Spirituality in Health and Illness', 'Mission-oriented CMI Community Life', 'Why the Poor remain

Poor?' and 'CMI Response to the Challenges of Children, Youth and Families in the Context of *Chavarul* and the Bishops' Synod on the Young People, Faith and Vocational Discernment'. The sessions were enlightened by Rev. Fr. Edward SDB, Rev. Sr. Virginia SAB, Adv. George Joseph, Rev. Fr. Rector, Dr. Saji M. J., Rev. Fr. Tomy Chirapurath, Rev. Fr. Joy Vattoly (Jr.) and Rev. Fr. Shaji Kochuthara.

**JUNE 2018**

**BARAKA – 2018**

The New Comers' Day of this year was celebrated on 9th June. The first year scholastics were welcomed to the Dharmaram family by Rev. Fr. Rector. Rev. Fr. Rector also shared his aspirations about the new scholastics to bring a difference "by getting involved and transformed."

**Adieu to Rev. Fr. John Neelankavil**

Rev. Fr. John Neelankavil, after his fruitful completion of six years as the Librarian of DVK Central Library which now exists with its own identity as the prime pillar of knowledge, moved to his province. A memorable farewell was arranged by the community of Dharmaram on 13th June 2018.

**Dharmaram Election 2018-2019**

On 14th June, we had our election to the administrative offices of Dharmaram Students' Council. The elections for the General Beadle, Assistant Beadle, Secretary of LCA and the Joint Secretary of LCA were conducted. Bro. Geo Karuvelil of A – Section was elected as the General Beadle and Bro. Paul Kalliadickal of D – Section was elected the Assistant General Beadle of this academic year. Bro. Lijo Paul Thekkanath of C – Section was elected as the Secretary of LCA and Bro. Delvin Valikulath of E – Section became the Joint Secretary of LCA.

**The Feast of the Sacred Heart**

The community of Dharmaram celebrated the solemn feast of Sacred Heart of Jesus on Sunday, 17th June. The people from St. Thomas Parish also joined with the joyous moments of the community. Rev. Fr. Rector presided over the Concelebrated Solemn Liturgy in Dharmaram Chapel and Rev. Fr. Cyriac Madathil, the Vicar of St. Thomas Parish, gave the homily. The Solemn Eucharistic procession was held and the Benediction was at JBC Auditorium, DVK.

## LCA Inauguration 2018-2019

The inauguration of LCA of the current academic year was held on 30th June in the evening. Rev. Fr. Sebastian Mullooparambil presided over the gathering. Rev. Fr. Lijo Pathickal welcomed the dignitaries and the scholastics. The Chief Guest Mr. Kenneth Henson, the Founder Director, Bangalore Consultancy, a school of Music and Performing Arts, enthralled the gathering with his maestro in music sharing a song with us. Bro. Lijo Paul Thekkanath expressed his words of gratitude as the Secretary of LCA.

## JULY 2018

### St. Thomas Day – *Dukhrana*

On 3rd July as part of the celebration of the feast of our father in faith, St. Thomas, a Solemn High Mass (*Raza*) was celebrated in Dharmaram Chapel which was presided by Rev. Fr. Rajesh Kavalackal. Rev. Fr. Blessen Pettickal enriched us in our faith with a meaningful homily.

### Talent Time – *EGEIRO* 2018

The first year philosophers of Dharmaram shared with the community a moment of grace and happiness by conducting

*EGEIRO* 2018, a bunch of humour, on 14th July. Rev. Fr. Rector felicitated the new buds of Dharmaram in his address.

**Renewal of Vows**

On 16th July, on the feast of Our Lady of Mount Carmel, the Dharmaram community renewed their vows in the Congregation. Rev. Fr. Martin Mallathu helped the community with his fruitful reflection on the vowed life by improvising us to redefine, reinvent and reignite the spirit of Carmelite tradition of simplicity, interiority and contemplation. Rev. Fr. Jobi Thurackal gave an inspiring homily.

**Canonical Visitation 2018**

Rev. Fr. Prior General made his Canonical Visitation from 17th July to 6th August. He insisted us to imbibe the spirit of holiness, credibility and contemplation.

**Let your 'Dreams' come true**

On 21st July, a new magazine exclusively for children titled 'The Dreams' was unveiled. Rev. Fr. Prior General presented the first copy to Rev. Fr. Sebastian Thekkedathu, the General Councillor for Education and Media. Rev. Fr. Martin Mallathu is the editor of the magazine, which is a fruitful venture for the benefit of the children.

**Pastoral Visit from Cologne**

His Eminence Cardinal Rainer Maria Woelki, the Archbishop of Cologne accompanied by Rev. Fr. Josy Thamarasseri, Provincial, Nirmal Province, Jagdalpur visited the community of Dharmaram on 24th July 2018. Two eminent persons, Dr. Rudolf Solzbacher and Mr. Nadim Ammann from Department of Universal Church and World Mission were present along with them. They visited ASWAS and other educational institutions of our campus. His Eminence presided over the concelebrated Holy Mass on 25th July 2018.

**Fr. Shaji Kochuthara: Co-chair of CTEWC**

Dharmaram community is happy about Rev. Fr. Shaji Kochuthara, the Dean of the Faculty of Theology, who has been elected to be the Co-chair of the Catholic Theological Ethics of the World Church (CTEWC) on 28th July.

**Blessing of our New House at Kengeri**

The newly built St. Mary's House at Kengeri for our members was blessed on 29th July by Rev. Fr. Prior General in the presence of Rev. Fr. Rector and many of our priests and scholastics of Dharmaram.

### *Navnirman* Session

On 31st July, the first discussion of *Navnirman* Session was conducted at Dharmaram Gallery by the scholastics of A – Section. We discussed over '*Hindutva*: Its Historical Perspective, Challenges and Our Response'. The session was led by Bros. Jomet Chackalayil, Bibin Changamcheril and Libin Thekkumkattil.

## AUGUST 2018

### Celebrating Independence with LCA

As part of the Independence day celebrations, LCA organized various competitions from 13th August to 15th August. Best out of Waste, an Art Exposure for the scholastics was arranged on 13th August. B Section became the winners of this event. A Debate was organized on the topic 'Are the minorities of India free in our nation?' on 14th August. Bro. Augustine Mlavarayil of A Section was the Best Debator and A Section became the winners. Patriotic Song Competition was organized on 15th August.

### Celebrating Freedom, Celebrating Assumption

On 15th August, 2018 Dharmaram community celebrated Independence Day along with Assumption of Our Lady. After the solemn Divine Liturgy there was flag hoisting in front of

Dharmaram Chapel. Col. Stanly James, the Commanding Officer of NCC Camp, Kolar, was the Chief Guest.

**Flood Relief Works**

Dharmaram and its constituent units are actively involved in the flood relief work. The parishes, schools and University are generously supplying food, clothes, medicines and other necessary items. DASS (Dharmaram Association of Social Services) under the leadership of Fr. John Marius, coordinated and contributed many resources towards flood relief. The Dharmaram College community undertook one-week special adoration and raised funds through contributions, fasting and abstinence from food. Apart from these they supported and are supporting the relief work with manpower and necessary supplies. Around 120 of our scholastics in four batches went to different flood affected areas for relief and rehabilitation works. The first batch in four teams did a marvelous job at Thrissur, Kochi, Muvattupuzha provinces and at CSR, Pariyaram. At Thrissur under the leadership of Fr. Blessen Pettikkal and Fr. Wilson Chakkyath our brothers did the relief works at Chalakudy, Pulakkattukara, Eravakkad, Karur, Paliyekkara and Edathuruthy parish guided by Fr. Joy Vattoly; at Kochi under the leadership of Fr. James Kunthara the brothers

undertook relief work at Kochal, Valluvali, Divine Retreat Centre, and Vatsalyam (Children's home at Kalamassery) guided by Fr. Mathew Kiriyanthan; under the leadership of Fr. Fenil Karikkakunnel our brothers did a great job at Muvattupuzha town, Kainakary – Chavara Bhavan and at KE Carmel School under the guidance of Fr. Mathew Manjakunnel; and two teams of brothers led by the CSR community did a great work in cleaning CSR, Pariyaram. The third batch is in action at different parts of Kuttanad led by Fr. Rajesh Kavalackal, especially at Chambakulam, Kainakary; and under Sargakshetra at Kidangoor, as the water is receding slowly all over Kuttanad. The brothers from the KESCH of DVK are also involved in the relief works. Fr. John Marius visited Kodagu and supplied food and clothing. At present a batch of our brothers along eith Fr Gregory Malayil and Fr Wilson Chakkyath are helping the flood relief works at Kuttanad. And a group of students and staff from Christ University had come to help at Kainakary after the first flood. All these activities were being coordinated by a team of Fathers, Sebastian Edathikavil, Rajesh Kavalackal and Fenil Karikkakunnel under the Supervision of Fr. Rector. Congratulations to the Dharmaram community for the selfless support and work.

# DVK NEWS

## APRIL 2018

### A New Phase with a New Face

Rev. Fr. Paulachan Kochappilly completed his term of office as the President of DVK on 17th April and Rev. Fr. Kurian Kachappilly assumed the office. The faculty of DVK expresses the gratitude for the valuable service of Rev. Fr. Paulachan Kochappilly and his team and welcomes Rev. Fr. Kurian Kachappilly, the new President and his team for improvising a new perspective for DVK.

## JUNE 2018

### Inauguration of the Academic Year 2018-2019

Academic Year 2018-2019 commenced at DVK on Monday, 4th June with a concelebrated Solemn Divine Liturgy in the Dharmaram Chapel. Rev. Dr. Kurian Kachappilly, President presided over the Eucharistic Celebration. Rev. Fr. George Edayadiyil, Rector gave the homily. Rev. Fr. Jose Kizhakkekuttu, the Registrar welcomed the gathering at JBC Auditorium where Rev. Fr. Kurian Kachappilly addressed the gathering.

## Inauguration of LCA 2018-2019

The LCA Association of the academic year 2018-2019 was inaugurated at DVK on 29th June. After the welcome note of Rev. Br. Thomas O. Carm., Rev. Fr. Martin Philip George CMI inaugurated the function. The gathering was blessed with the presence of Adv. Sr. Jessy Kurian of the Supreme Court of India as the speaker of the day. Rev. Fr. Kurian Kachappilly, the President of DVK, addressed the gathering.

## JULY 2018

### Paper Presentation: "Try to be Holy with Sandals On"

Rev. Fr. Joy Philip Kakkanattu expressed his reflections on the latest Apostolic Exhortation of Pope Francis, *Gaudate et Exsultate*, by presenting a paper entitled 'Try to be Holy with Sandals On' – Theological Reflection on *Gaudate et Exsultate* of Pope Francis. It was held at DVK Research Centre on 9th July.

### *Denha* Endowment Lectures 2018-2019

The *Denha* Endowment Lectures of this academic year was conducted on 21st July at DVK Research Centre. The presentation was on the topic 'Syro-Malabar Church to All India: Prospects and Challenges'. The session was enlightened by Most Rev. Dr.

Raphael Thattil, Bishop of the Diocese of Shamshabad. A Concelebrated Solemn Divine Liturgy (*Raza*) was celebrated in Dharmaram Chapel which was presided by Most Rev. Dr. Raphael Thattil assisted by Prof. Dr. Thomas Kollamparampil CMI, Prof. Dr. Francis Thonippara and Dr. Tomy Kattampally.

**Reception of His Eminence Cardinal Rainer Maria Woelki**

After a Solemn Divine Liturgy at Dharmaram Chapel, His Eminence Cardinal Rainer Maria Woelki, the Archbishop of Cologne, visited DVK and addressed the gathering by 11.15 am on 25th July. Rev. Fr. Kurian Kachappilly, the President, welcomed the dignitaries and Rev. Fr. Jose Kizhakkekuttu, the Registrar expressed his gratitude representing the community. A memento was presented to the dignitaries by Rev. Fr. Rector. His Eminence was accompanied by two eminent persons in the field of theology, Dr. Rudolf Solzbacher and Mr. Nadim Ammann from Department of Universal Church and World Mission. Rev. Fr. Josy Thamarasseri, Provincial of Nirmal Province, Jagdalpur, also accompanied them.

## AUGUST 2018

### Mar Jonas Thaliath Endowment Lectures 2018-2019

Bishop Jonas Thaliath Endowment Lectures 2018-2019 on the '*Amoris Laetitia*: New Perspectives of Theology on Marriage and Family' was held on 1st and 2nd August. Prof. Dr. Thomas Knieps, Professor of Theological Ethics, Catholic University, Leuven, was the speaker.

### Book Release

The book entitled 'Pope Francis and His Vision of the Church' by Rev. Fr. Kuncheria Pathil was released during the conclusion of Bishop Jonas Thaliath Endowment Lectures on 2nd August. Rev. Fr. Kurian Kachappilly, the President released the book by presenting the copy to Prof. Dr. Thomas Knieps.

### Felicitation of Fr. Shaji Kochuthara

Rev. Fr. Shaji Kochuthara, the Dean of the Faculty of Theology, was elected to be the Co-chair of the Catholic Theological Ethics of the World Church (CTEWC) on 28th July. He was felicitated by Rev. Fr. Kurian Kachappilly, the President of DVK on 2nd August as we concluded Mar Jonas Thaliath Endowment Lectures.

# CHRIST UNIVERSITY NEWS

**Convocation**

The Christ University Convocation for the class of 2018 was held between 19th May and 27th May 2018. Graduating students from across the diverse deaneries of the University were honored with degrees. 6524 students passed out from our great institution this year.

**Golden Jubilee**

The glorious 50 years of Christ University since its inception in 1969 was inaugurated on July 11 by releasing its own stamp. The Jubilee celebrations was kicked off on 14th July by the thanksgiving Holy Eucharist held at Dharmaram Chapel presided over by Mar Antony Kariyil CMI, the Bishop of Mandya. The Golden Jubilee address was given by Nobel Laureate Kailash Satyarthi. His Highness Yaduveer Krishnadatta Chamaraja Wadiyar, *Maharaja* of Mysore also was present during the celebration and offered his felicitations to the University. Fr. George Edayadiyil CMI gave the inaugural address and Mar Antony Kariyil CMI presided over the function.

The second phase of Jubilee inauguration began on 21st July. Prof. Anil D. Sahasrabudhe, Chairman of AICTE was the Chief Guest of the day. Shri Krishna Byre Gowda, an alumnus and Minister for Rural Development and Panchayat Raj was the Guest of Honor. Rev. Fr. Paul Achandy CMI, Prior General gave the Presidential Address. The event concluded with colorful cultural programme by the University students and lunch.

**Christ Ranked the Best**

In the latest India Today – MDRA survey, Christ University was ranked first as India's Best Private University and 8th among top 10 universities. Hearty congratulations to Fr. Thomas Chathamparampil CMI, the Vice Chancellor and all the fathers, staff members and the students for this prestigious moment.

## ASVAS

### CARDINAL OF COLOGNE VISITED ASVAS

Cardinal of Cologne, His Eminence Cardinal Rainer Maria Woelki visited ASVAS in the month of July 2018. It was a memorable moment for ASVAS. He interacted with the people and the team of ASVAS. Cardinal specially appreciated the initiative of Fr. John Marius CMI and the selfless service of the team for the

patients those who are suffering with cancer. He also visited other initiatives of Dharmaram.

**PRIOR GENERAL'S VISIT AT ASVAS**

Prior General Fr. Paul Achandy CMI visited ASVAS as part of the canonical visitation. Our congregation has given more importance to the social aspects, the charism of St. Chavara. Fr. Prior General addressed the society and invigorated the team to be more and more social conscious.

***AMOUGH***

*Amough* is an NGO in collaboration with DASS began in September, 2012 for the betterment of adult mentally challenged children. Here we could see that around 27 children are getting trained by six equipped trainees. *Amough* are committed to making the life of their children a little better and a lot more enjoyable always.

# INVITATION
# CHRIST UNIVERSITY, BANGALORE

**Golden Jubilee Year**

We are pleased to inform you that CHRIST (Deemed to be University) which started as Christ College in 1969 is celebrating 2018-19 as its Golden Jubilee year, marking its 50 years of contribution to Higher Education and society through education.

To commemorate this grand occasion, it is proposed to organize a REUNION of all the CMI Priests studied at CHRIST. The REUNION will be held on Thursday, 18 October 2018 at Kengeri Campus, Bangalore. The CMI fathers who studied at CHRIST are cordially invited to participate in this reunion.

You may kindly inform about your participation to Fr Benny Alumkalkarottu (09886555040, 07618798835)/ Fr Biju Kunnumpuram (09742704212). You can also send an email confirmation to frbenny@christuniversity.in

Yours fraternally,

**Fr. Thomas Chathamparampil CMI**
**Vice Chancellor**

# Book Review



## സന്തുഷ്ട വിവാഹജീവിതത്തിന് കൗൺസലിങ്

**ഡോ. വർഗീസ് പുതുശ്ശേരി സി.എം.ഐ.**

സാന്ത്വന പബ്ലിക്കേഷസ്, കൊച്ചി - 682 018

സാന്ത്വന ഇൻസ്റ്റിറ്റൂട്ട് ഓഫ് കൗൺസലിങ് & സൈക്കോതെറാപ്പി

കച്ചേരിപ്പടി, ചിറ്റൂർ റോഡ്, എറണാകുളം

വില: 100 രൂപ

ആഘോഷപ്രിയരായ മനുഷ്യർ വിശപ്പിനിള്ള വിഭവങ്ങൾ വെറുതെ കഴിക്കുകയല്ല; വിശിഷ്ട ഭോജ്യങ്ങൾ ആസ്വദിക്കുകയാണ് മനുഷ്യരുടെ രീതി. ഇണതേടലിന്റെ കാര്യത്തിലും ഇതുതന്നെയാണ്. മറ്റ് ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി കേവലം ലൈംഗികസംതൃപ്തിക്കു വേണ്ടിയോ വംശോദ്ധാരണത്തിനുവേണ്ടിയോ ഉള്ള ഒരു പ്രക്രിയ എന്നതിനപ്പുറം വിവാഹത്തെ ജീവിതത്തിലെ സുപ്രധാന കാര്യമായി കണാക്കാക്കുന്നു. അതുകൊണ്ടാണ് വിവാഹം ഒരു ആഘോഷമോ അനുഷ്ഠാനമോ ഒക്കെയായി മാറുന്നതും കുടുംബജീവിതത്തിന് പരിപാവനത കല്പ്പിക്കപ്പെടുന്നതും. ഗോത്രവർഗങ്ങളിൽ മുതൽ സംസ്കാരത്തിന്റെ വിഭിന്ന ഭൂമികളിലെല്ലാം ഇത് പ്രകടമാണ്. എന്നാൽ സമൂഹം ആധുനികവത്കരിച്ചതോടെ വ്യക്തിബന്ധങ്ങളിലും സമൂഹബന്ധങ്ങളിലും മാറ്റം സംഭവിച്ചു തുടങ്ങി. ഇതിന്റെ പ്രതിഫലനങ്ങൾ കുടുംബബന്ധങ്ങളിലും പ്രത്യക്ഷമായി.

ഭൗതികജീവിതത്തിൽ സംഭവിച്ച യാന്ത്രികത മനുഷ്യബന്ധങ്ങളെയും സ്വാധീനിച്ചതോടെ വൈകാരികതക്കും മൂല്യങ്ങൾക്കും ഇടിവുസംഭവിച്ചു. വൈകാരികതയുടെയും മൂല്യസങ്കല്പനങ്ങളു

ടെയും അടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത വിവാഹജീവിതത്തെയും കുടുംബബന്ധങ്ങളെയുമാണ് ഈ മാറ്റം ഏറ്റവും കൂടുതൽ ബാധിച്ചത്.

